**21U433** (Pages: 2) Name: ………………………

Reg. No……………………..

**FOURTH SEMESTER B.A./ B.Sc./ B.S.W. DEGREE EXAMINATION, APRIL 2023**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL4 A10 – മലയാളസാഹിത്യം - IV**

(Malayalam – Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

**Section – A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

1. തീറ്റയുടെ ജനാധിപത്യം എന്നതുകൊണ്ട് ലേഖകൻ അർത്ഥമാക്കുന്നതെന്ത് ?
2. "കൊടും നീചമായ സംസ്ക്കാരം നിലവിലിരിക്കുന്നിടത്തായി എന്റെ പിറവിയെന്ന് എപ്പോഴും ഞാൻ കരുതി" സൂചനയെന്ത് ?
3. യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചതെന്ത് ?
4. സൈമൺലീസ് ഡോക്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ മാനദണ്ഡമാക്കുന്നതെന്ത് ?
5. "എന്തിനാണ് നീ ആത്മാവിലേക്ക് നോക്കുന്നത് "? കവി ആരോടാണ് ഇങ്ങനെ ചോദിക്കുന്നത് ?
6. ഫൂൽസിംങ്ത്യാഗി സുർജനെ മർദ്ദിക്കാൻ കാരണമെന്ത്?
7. ഒരു വ്യക്തിയുടെ പേര് പ്രതിഫലിപ്പിക്കുന്നത് എന്തിനെയെല്ലാമാണ് ?
8. ആശയവിനിമയം എന്നാൽ എന്ത് ?
9. പുഴയിലെവെള്ളം കലക്കികുടിക്കാൻ രാമനോട് നമ്പൂതിരി പറയുവാനുള്ള കാരണമെന്ത് ?
10. സങ്കേതനം എന്നാൽ എന്ത് ?
11. "മായാവികളെപ്പോലെ  
ലോകം നിനക്ക്  
വ്യാജസൂചനകൾ നല്കി "- വരികളിലെ സൂചിതമെന്ത് ?
12. അംഗവിക്ഷേപശാസ്ത്രം എന്തെന്ന് നിർവ്വചിക്കുക ?

13. സൗന്ദര്യാത്മക വിദ്യാഭ്യാസം എന്നാൽ എന്ത് ?

14. ആഴ്ചയുടെ പേരുകൾ വ്യക്തിനാമങ്ങളായി നൽകുന്നതിന് ഉദാഹരണങ്ങൾ എഴുതുക ?

15. മനുഷ്യരിൽനിന്നകന്ന് ജീവിക്കുന്നതിൽ അർത്ഥമില്ലെന്ന് നാരായണഗുരു ചിന്തിക്കുന്നതെന്തുകൊണ്ട് ?

**(Ceiling: 25 Marks)**

## Section – B

II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

16. സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്കുള്ള ആദാമിന്റെ പതനം ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. വിശദീകരിക്കുക.

17. പത്രഭാഷയിലെ കർമ്മണി പ്രയോഗത്തെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത് ?

18. വ്യക്തിനാമങ്ങളുടെ നിഷ്പാദന പശ്ചാത്തലം ചുരുക്കിയെഴുതുക

19. ഗോപിയിലൂടെ നന്തനാർ എഴുതുന്നത്, ഒരു ദേശത്തിന്റെ ചിത്രം കൂടിയാണ്. വിലയിരുത്തുക.

20. കവിതാവിവർത്തനത്തിന്റെ വെല്ലുവിളികൾ എന്തെല്ലാം ?

21. പത്രഭാഷയിലെ അനാവശ്യമായ പ്രയോഗങ്ങളെക്കുറിച്ചു ലേഖകൻ അഭിപ്രായപ്പെടുന്നത് എന്ത് ?

22. മെഡിക്കൽ, എൻജിനീയറിങ് കോഴ്സുകളിൽ സൗന്ദര്യാത്മകവിദ്യാഭ്യാസം ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് പി. പവിത്രൻ പറയുവാനുള്ള കാരണമെന്ത് ?

23. 'ഭംഗിവാക്ക് 'എന്ന വാക്കിന് പിന്നിലുള്ള മലയാളിയുടെ മനോവിചാരങ്ങൾ ലേഖകൻ അടയാളപ്പെടുത്തുന്നത് എങ്ങിനെ ?

**(Ceiling: 35 Marks)**

## Section – C

III. ഏതെങ്കിലും 2 ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 10 മാർക്ക് വീതം.

24. മനുഷ്യരെല്ലാം പരസ്പര സാഹോദര്യത്തോടെ ജീവിക്കേണ്ടവരാണ് എന്ന നാരായണഗുരുവിന്റെ വാക്കുകളുടെ പ്രസക്തിയെക്കുറിച്ച് വിശകലനംചെയ്യുക.

25. പാർശ്വവത്കരിക്കപ്പെട്ട ഒരു ജനതയുടെ ജീവിതാനുഭവങ്ങളാണ് 'എച്ചിൽ' എന്ന ആത്മകഥയിലൂടെ ഓംപ്രകാശ് വാത്മീകി അവതരിപ്പിക്കുന്നത് -വിശദീകരിക്കുക.

26. "വിശപ്പും ഒറ്റപ്പെടലുമാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖം" - 'അനുഭവങ്ങൾ' എന്ന നോവൽ മുൻനിർത്തി ഉപന്യസിക്കുക.

27. ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം തയ്യാറാക്കുക.

    1. കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ.
    2. നവസാമൂഹിക മാധ്യമങ്ങൾ - ഗുണവും ദോഷവും.

**(2 × 10 = 20 Marks)**

*******